തുക കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംങ്സ് (ഇന്ത്യ) ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. അന്തർദേശീയ വിപണിയിൽ കയറിനും കയർ ഉൽപ്പന്നങ്ങൾക്കും കൂടുതൽ വിപണന തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനായി വിപണി ഗവേഷണ പഠനങ്ങൾ നടത്തുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനായി മാർക്കറ്റ് സ്റ്റഡി, ദേശീയ-അന്തർ ദേശീയ എക്സിബിഷനുകളിൽ പങ്കെടുക്കൽ, എം.ഡി.എ. തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പുതിയ ചില പദ്ധതികൾക്ക് കയർ ബോർഡ് കേന്ദ്രാനുമതി തേടിയിട്ടുണ്ട്.

കയർ മേഖലയിൽ യന്ത്രവൽക്കരണം

89 [1221] ശ്രീ. സി. ടി. അഹമ്മദ് അലി:
" വി. കെ. ഇബ്രാഹിം കുഞ്ഞ്:
" സി. മോയിൻകുട്ടി:
" കെ. കുട്ടി അഹമ്മദ് കുട്ടി:
" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ കൂടുതൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) ഇതുമൂലം ഈ മേഖലയിൽ തൊഴിൽ ലഭ്യത വർദ്ധിക്കുമെന്നും വ്യവസായ പുരോഗതി ഉണ്ടാകുമെന്നും കരുതുന്നുണ്ടോ?

ഉത്തരം

(എ ആന്റ് ബി) മാർക്കറ്റിലെ ട്രെൻഡ്, ഉപഭോക്താക്കളുടെ അഭിരുചി എന്നിവ കണക്കിലെടുത്തും തൊഴിലാളികളുടെ ജോലി ലഘൂകരിക്കുവാനും വേണ്ടി യന്ത്രവൽക്കരണവും കമ്പ്യൂട്ടറൈസ്ഡ് ഡിസൈനുകളും നടപ്പിലാക്കാൻ തീരുമാനിച്ചു. സംസ്ഥാനത്തെ ഐ.സി.ഡി.പി. പദ്ധതിപ്രകാരം സഹകരണ മേഖലയിൽ യന്ത്രവൽകൃത കയർ സ്പിന്നിംങ് മില്ലുകളും ഡീഫൈബറിംഗ് മില്ലുകളും സ്ഥാപിക്കുവാൻ നടപടി എടുത്തിരുന്നുവെങ്കിലും ആ പദ്ധതി വേണ്ടത്ര ഫലപ്രദമായില്ല. ഇപ്പോൾ സ്പിന്നിംങ് മേഖലയിൽ ¼ എച്ച്.പി. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളാണ് കൂടുതൽ ഉപയോഗിക്കുന്നത്. സഹകാര്യ മേഖലയിൽ ഡീ ഫൈബറിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുന്നവർക്ക് യന്ത്രത്തിന്റെ വിലയുടെ 50 ശതമാനം തുക, അഞ്ചു ലക്ഷത്തിൽ പരിമിതപ്പെടുത്തി പ്രത്യേക സബ്സിഡിയായി നൽകുന്നു.

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതു കൂടാതെ ചണ ഉൽപ്പന്നങ്ങളുമായി മൽസരിക്കുവാൻ പര്യാപ്തമായ രീതിയിൽ കൂടുതൽ വൈവിദ്ധ്യവും ഗുണമേന്മയും ആകർഷകവുമായ കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ യന്ത്രങ്ങൾ വികസിപ്പിക്കുന്നതിലൂടെ ഈ മേഖലയിൽ തൊഴിൽ ലഭ്യതയും വ്യവസായ പുരോഗതിയും വർദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly